ARTICLE

# പെണ്ണെഴുതുമ്പോൾ 'സമ്പവി'ക്കുന്നത്

നടാഷ സെബാസ്റ്റ്യൻ

**സംഗ്രഹം**

ആൺകോയ്മയിലധിഷ്ഠിതമായ എഴുത്തിന്റെ ലോകത്തേക്കു കടന്നുവന്ന സ്ത്രീകൾക്ക് നേരിടേണ്ടി വന്ന പ്രശ്നങ്ങൾ നിരവധിയാണ്. എതിർപ്പുകളും അസ്വാതന്ത്ര്യങ്ങ ളും ഗാർഹികമായ ഉത്തരവാദിത്തങ്ങളും അവരുടെ വളർച്ചയ്ക്കു പ്ര തിബന്ധമായി. സ്ത്രീയുടെ സ്വത്വാവിഷ്കാരങ്ങൾക്കെതിരെ സമൂഹം രൂപപ്പെടുത്തിവച്ചിട്ടുള്ള മൂല്യസങ്കല്പങ്ങളെയും പുരുഷനിർമിതമായ സ്ത്രൈണസങ്കല്പങ്ങളെയും പൊളിച്ചെഴുതുക എന്നതായിരുന്നു അവർ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. ശരീരത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും എഴുതിയവർക്ക് രൂക്ഷമായ വിമർശനം നേരിടേണ്ടിവന്നു. സ്ത്രീയുടെ തുറന്നെഴുത്തിനോടുള്ള പൊതുസമൂഹത്തിന്റെ ഭയവും അതിനുള്ള കാരണങ്ങളും കെ.ആർ. മീരയുടെ 'അച്ചാമ്മക്കു സമ്പവിച്ചത്' എന്ന കഥയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യാനാണ് ഈ പഠനത്തിൽ ശ്രമിച്ചിരിക്കുന്നത്. അച്ചാമ്മ എന്ന നിരക്ഷരയായ വീട്ടമ്മ അക്ഷരം പഠിക്കുകയും എഴുത്തിലേക്കു കടക്കുകയും ചെയ്തതോടെ കുടുംബത്തിലും സമൂഹത്തിലുമുണ്ടാകുന്ന പ്രശ്നങ്ങൾ, പുരുഷസമൂഹത്തിന്റെ അങ്കലാപ്പുകൾ എന്നിവ നർമത്തിൽ ചാലിച്ച് അവതരിപ്പിച്ചിരിക്കുന്നു. കാലമെത്ര മാറിയാലും പെണ്ണെഴുത്തിനോടുള്ള സമീപനത്തിൽ മാറ്റമൊന്നും വന്നിട്ടില്ലെന്ന നിഗമനത്തിലാണ് നാം എത്തിച്ചേരുന്നത്.

**താക്കോൽ വാക്കുകൾ**

*സ്ത്രീസ്വത്വാവിഷ്കാരം, സ്ത്രൈണസങ്കല്പം, തുറന്നെഴുത്ത്, ആൺകോയ്മ, പാതിവ്രത്യ സങ്കല്പം.*

ആമുഖം

സ്ത്രീ എഴുത്തുകാരികൾ നേരിടുന്ന പ്രതിസന്ധികൾ നിര വധിയാണ്. സാഹിത്യ ലോകത്ത് നിലനില്ക്കുന്ന ആൺ കോയ്മയെ നേരിടുന്നതോടൊപ്പം കുടുംബവും മതവും സമൂഹവുമൊക്കെ സ്ത്രീസ്വത്വാവിഷ്ക്കാരങ്ങൾക്കെതിരെ രൂപപ്പെടുത്തിവെച്ചിട്ടുള്ള മൂല്യബോധത്തെയും അവർക്ക് മറികടക്കേണ്ടതുണ്ടായിരുന്നു. കുടുംബിനി, ഭാര്യ, അമ്മ എന്നീ നിലകളിൽ ഭാരിച്ച ഉത്തരവാദിത്തം അവരുടെ ചുമലിലുണ്ടായിരുന്നു. കടുത്ത പോരാട്ടങ്ങളിലൂടെയാണ് എഴുത്തുകാരികൾ സാഹിത്യ ലോകത്ത് സാന്നിധ്യ മറിയിച്ചത്. എഴുത്തുകാരികളായ സ്ത്രീകൾ അനുഭവിക്കുന്ന ആത്മസംഘർഷങ്ങളെക്കുറിച്ച് ലളിതാംബിക അന്തർജ്ജനം എഴുതി: 'ഒരു കലാജീവിതത്തെ ചൂഴുന്ന നിരവധി സംശയങ്ങൾ, അസ്വാതന്ത്ര്യങ്ങൾ, പേടികൾ. പുരുഷനാണെങ്കിൽ നിസ്സംശയം ചവിട്ടിമെതി യ്ക്കാവുന്ന ആ മുൾപ്പടർപ്പുകളിലൂടെ ഞങ്ങൾ സ്ത്രീകൾ എത്ര കരുത ലോടെ, ഭയാശങ്കയോടെ നൂഴ്ന്നു കയറിപ്പോകണം. ഒരു കലാഹൃദയത്തിന്റെ സ്വച്ഛന്ദമായ വികസനത്തിന് ഏറ്റവും വലിയ ശത്രുവാണീ ഭയം. എങ്കിലും ഞങ്ങൾക്ക് പേടിക്കാതെ കഴികയില്ല'. പ്രതിബന്ധങ്ങൾ തരണംചെയ്തവർക്ക് മുന്നിൽ വെല്ലുലിളികളേറെയുണ്ടായിരുന്നു. ആണെഴുത്തുകാർ രൂപ പ്പെടുത്തിവെച്ച സ്ത്രൈണസങ്കല്പങ്ങളെയും സദാചാര സംഹിതകളെയും പൊളിച്ചെഴുതേണ്ടതുണ്ടായിരുന്നു. അപ്പോഴും ശരീരത്തെക്കുറിച്ചോ ലൈംഗികതയെക്കുറിച്ചോ എഴുതാൻ പലർ ക്കും മടിയായിരുന്നു. എഴുതിയവരാകട്ടെ രൂക്ഷമായ വിമർശനങ്ങൾ നേരിടേണ്ടിവന്നു. എല്ലാ വിമർശനങ്ങളെയും അതിജീവിച്ചുകൊണ്ട് മലയാളത്തിൽ എഴുത്തുകാരികൾ ഏറെ മുന്നേറിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും സ്ത്രീയുടെ തുറന്നെഴുത്തിനെ അല്പം ഭയത്തോടെയാണ് പൊതുസമൂഹം ഇന്നും നോക്കിക്കാണുന്നത്. സ്ത്രീയുടെ തുറന്നെഴുത്ത് പൊതുസമൂഹത്തിലുണ്ടാക്കുന്ന അങ്കലാപ്പുകളാണ് കെ.ആർ. മീരയുടെ 'അച്ചാമ്മക്കു സമ്പവിച്ചത്' എന്ന കഥയുടെ പ്രമേയം.

**പെണ്ണെഴുതുമ്പോൾ സംഭവിക്കുന്നത്**

ആദ്യവസാനം നർമരസം തുളുമ്പി നില്ക്കുന്ന കഥ. നർമം വിദഗ്ധമായി കൈകാര്യം ചെയ്യുന്ന എഴുത്തുകാരികൾ മലയാളത്തിൽ വിരളമാണ്. എന്നാൽ നർമം മീരയുടെ തൂലികയ്ക്കു നന്നായി വഴങ്ങുമെന്ന് തെളിയിക്കുന്ന പല കഥകളും അവരുടേതായിട്ടുണ്ട്. മധ്യതിരുവിതാംകൂറിലെ കത്തോ ലിക്കാ സമുദായാംഗമാണ് അച്ചാമ്മ. അവരുടെ സംഭാഷണ ഭാഷയിലാണ് കഥ പറയുന്നത്. വയസ്സുകാലത്ത് അച്ചാമ്മ എന്ന നിരക്ഷരയായ വീട്ടമ്മ സാക്ഷരതാക്ലാസ്സിൽ ചേർന്ന് അക്ഷരം പഠിച്ചതോടെയാണ് എല്ലാ കുഴപ്പങ്ങളും തുടങ്ങുന്നത്. അച്ചാമ്മ അക്ഷരം പഠിച്ചതു കന്നുകയത്തിൽ ചാടുന്നതു പോലാരുന്നു. തിരിച്ചുകയറാൻ വിസമ്മതിച്ചു. വായനയോടു വായന. വായന എഴുത്തിലേക്കും തുറന്നെഴുത്തിലേക്കും എത്തിച്ചേരുന്നിടത്താണ് അച്ചാമ്മയുടെ എഴുത്ത് ഒരു കുടുംബ പ്രശ്നവും സാമൂഹികപ്രശ്നവുമായി മാറുന്നത്. 'അച്ചാമ്മ

മലയാളവിഭാഗം, നേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കോളേജ്, മാർത്താണ്ഡം, തമിഴ്നാട്
natashanmcc@gmail.com

അശ്ലീലം എഴുതാൻ ആരംഭിച്ചതായ അവസരത്തിങ്കൽ അച്ച നും അവറാച്ചായനും ആകമാന കത്തോലിക്കാസഭയും അസ്വ സ്ഥമായി. ഒരു പെമ്പ്രന്നോത്തി വിചാരിച്ചാൽ എന്നായെല്ലാം തകർക്കാമെന്നതിനു തെളിവാണ് അച്ചാമ്മാസംഭവം.' അച്ചാ മ്മയുടെ പുതിയ പുസ്തകമായ സുരതസങ്കീർത്തനങ്ങൾ പൊതുസമൂഹത്തിൽ ചർച്ചയാകുന്നു. പള്ളിക്കമ്മിറ്റി കൂടി. അച്ചാമ്മയുടെ എഴുത്തിനോടുള്ള കമ്മിറ്റിയംഗങ്ങളുടെ പ്രതികരണം വളരെ സരസമായി വിസ്തരിക്കുന്നു. 'നാളെ വേറേം പെമ്പിളമാർക്ക് ഇതുപോലെ വേണ്ടാതീനങ്ങൾ എഴുതാൻ തോന്നിയാലോ? ഇതൊക്കെ മുളയിലേ നുള്ളണം വേണ്ടിവന്നാ കുടുമ്മത്തോടെ അങ്ങു മൊടക്കണം', 'പെണ്ണുങ്ങളെല്ലാം ഈ മൂർച്ചയില്ലാതെ വിഷമിക്കുകാന്നാന്നല്ലോ ഈ പെമ്പ്രന്നോര് എഴുതിവെച്ചിരിക്കുന്നേ. നമ്മക്കൊന്നുമില്ലാത്ത ഈ മൂർച്ച പെണ്ണുങ്ങക്കെവിടുന്നാ?', 'മൂർച്ച കൂടിയോ, വേലി ചാടിയിരിക്കും, പക്ഷേ, അവസാനം മൂർച്ചയേ കാണൂ. കുടുമ്മം കാണത്തില്ല'. അച്ചാമ്മയുടെ പുസ്തകത്തിലെ രതിമൂർച്ചയെക്കുറിച്ചുള്ള പരാമർശം ഞെട്ടലോടെയാണ് പുരുഷസമൂഹം നോക്കി ക്കാണുന്നത്. 'എന്നോട് ഇണചേരേണ്ടതെങ്ങനെ' എന്ന അച്ചാമ്മയുടെ 'കദ' വായിച്ചു അവറാച്ചായനു ഹാർട്ട് അറ്റാക്ക് ഉണ്ടായി. അച്ചാമ്മയുടെ അഭിമുഖമെടുക്കാൻ വന്ന മാധ്യമ പ്രവർത്തകരും അച്ചാമ്മയും തമ്മിലുള്ള സംഭാഷണത്തിനിടയിൽ 'ലിങ്ഗം', യോനി, ലിംഗപരിപ്രേക്ഷ്യം എന്നൊക്കെ കേട്ടപ്പോൾ അവറാച്ചായനു കൺട്രോളുപോയി. രണ്ടാമത്തെ അറ്റാക്കും സംഭവിച്ചു. മൂല്യസംരക്ഷണം സ്ത്രീയുടെ മാത്രം കടമയും ഉത്തരവാദിത്തവുമാണെന്നു വിശ്വസിക്കുന്ന ഒരു സമൂഹത്തിലാണ് അവറാച്ചൻ ജനിച്ചുവളർന്നത്. ചുരുക്കത്തിൽ അച്ചാമ്മയുടെ തുറ ന്നെഴുത്ത് വലിയൊരു പ്രശ്നമായി മാറി.

### സ്ത്രീയുടെ തുറന്നെഴുത്ത് ഉയർത്തുന്ന പ്രശ്നങ്ങൾ

സ്ത്രീ ഉടലിനെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും സംസാരിക്കു ന്നത് പുരുഷനെ ഭയപ്പെടുത്തുന്നു. സ്ത്രീശരീരത്തി നുമേൽ ആധിപത്യം സ്ഥാപിക്കാനും അതു നിലനിർത്താ നുമുള്ള ശ്രമം എന്നും പുരുഷനിലുണ്ടായിരുന്നു. മാത്രവുമല്ല സ്ത്രീ പുരുഷന് കീഴ്പ്പെട്ടു ജീവിക്കേണ്ടവളാണെന്നും പെണ്ണാണെന്നും നിരന്തരം ഓർമിപ്പിക്കുന്ന, ഉടലിനെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും സ്ത്രീകൾ സംസാരിച്ചുകൂടെന്നും അത് പാപമാണെന്നും വിശ്വസിക്കുന്ന ഒരു സമൂഹത്തിലാണ് അച്ചാമ്മ ജനിച്ചുവളർന്നത്. ലൈംഗികതയെ പാപവുമായി ബന്ധിപ്പി ക്കുന്ന ക്രിസ്തുമതകാഴ്ചപ്പാടിന് ആദത്തിന്റെയും ഹവ്വയുടെ യും മിത്തിനോളം പഴക്കമുണ്ട്. ഹവ്വ പ്രലോഭനത്തിന്റെ ചതി ക്കുഴിയിലേക്ക് പുരുഷനെ തള്ളിയിട്ടവളാണ്. ദാമ്പത്യബ ന്ധത്തിന്റെ വിശുദ്ധിയെക്കുറിച്ച് സഭ വിശ്വാസികളെ എപ്പോഴും ഓർമിപ്പിച്ചുകൊണ്ടിരുന്നു. ലൈംഗികതയെ പ്രത്യുല്പാദനവുമായി ബന്ധപ്പെടുത്തിയാണ് വീക്ഷിച്ചു പോന്നത്. വിത്തിറക്കാനും വിളകൊയ്യാനുമുള്ള ഒരു മാധ്യമം മാത്രമാണ് സ്ത്രീയെന്ന് കരുതപ്പെട്ടു. സ്വന്തം ശരീരത്തെയും നഗ്നതയെയും ലജ്ജയോടെ നോക്കിക്കാണാ നും ലൈംഗീകാഭിലാഷങ്ങൾ മറച്ചുവെയ്ക്കാനുമുള്ള പരിശീലന മാണ് ചെറുപ്പം മുതല്ക്കു പെൺകുട്ടികൾക്കു ലഭിക്കുന്നത്. വായന അച്ചാമ്മയ്ക്കു മുന്നിൽ തുറന്നിട്ടത് പുതിയ ലോകമാണ്. ജീവിതത്തെക്കുറിച്ച് അച്ചാമ്മയ്ക്കുണ്ടായിരുന്നകാഴ്ച പ്പാടുകൾ മാറി.

അവർ എഴുതി; 'നിങ്ങൾ മരിക്കുമ്പോൾ കറുത്ത ചായമടിച്ച ശവപ്പെട്ടിമേൽ നിങ്ങൾ ഒരു മൂത്രപ്പുരപോലെ ഉപയോഗിച്ച ശരീരം ചേർത്തു ഞാൻ വെറുതെ കിടക്കും. ഞാൻ ചുംബിക്കുന്നതു ശവപ്പെട്ടിയുടെ മൂടിയിൽ തറച്ച പിത്തള മൊട്ടുകളെയായിരിക്കും. ഒപ്പീസു പാടുന്ന അച്ചൻമാരും ദുഃഖം അഭിനയിക്കുന്ന ബന്ധുക്കളും കേൾക്കാതെ ഞാൻ നിങ്ങളുടെ ജഡത്തെ നോക്കി പല്ലി റുമ്മും. മരണാനന്തരജീവിതത്തിൽ നാം വീണ്ടും കണ്ടുമുട്ടിയാൽ ഞാൻ രതിമൂർച്ഛയുടെ വിൽപ്പനക്കാരിയായിരിക്കും. പക്ഷേ അതിനു വിലയായി നിങ്ങളെത്തന്നെ എനിക്കു ബലിയായി സമർപ്പിക്കേണ്ടി വരും. അന്ന് എന്നോട് ഇണ ചേരേണ്ടതെങ്ങനെ യെന്ന് ഞാൻ പറഞ്ഞു തരും.' ലൈംഗികതയെന്നാൽ പുരുഷന്റെ ആനന്ദമാണെന്നു ധരിച്ചുവെച്ചിരിക്കുന്ന ആൺസമൂഹത്തെ വിറളിപിടിപ്പിക്കാൻ ഇതിൽപ്പരമെന്തുവേണം. അച്ചാമ്മാസംഭവം ചർച്ച ചെയ്യാൻ കൂടിയ പള്ളിക്കമ്മിറ്റിയിൽ പലരും ഭാര്യയെ നിലയ്ക്കുനില്ക്കുനിർത്താൻ അവറാച്ചായനു കഴിവില്ലാതെ പോയതിനെക്കുറിച്ചു പരിതപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു. 'കവിളൻ മടൽവെട്ടി നാലെണ്ണം നട്ടപ്പുറത്തു കൊടുക്കാമോ ഈ ദീനം മാറും' എന്ന് വറീച്ചായൻ അഭി പ്രായപ്പെട്ടു. സ്ത്രീകൾക്കു മാത്രമായുള്ള സദാചാര സംഹിത കൾ, പാതിവ്രത്യസങ്കല്പങ്ങൾ എന്നിവ എല്ലാ കാലത്തു മുണ്ടായിരുന്നു. സ്ത്രീയെ മെരുക്കാനും അടിമത്താവസ്ഥയിലേക്കു തള്ളിവിടാനുമുള്ള ഏറ്റവും ശക്തമായ ആയുധങ്ങളായിരുന്നു അവ. എക്കാലത്തും സ്ത്രീയെ മെരുക്കിയും ഭയപ്പെടുത്തിയും കൂടെ നിർത്താനാണ് പുരുഷൻ ശ്രമിച്ചിട്ടുള്ളത്. എന്നാൽ സ്ത്രീകൾ പുരുഷന്റെ ലോകത്തേക്കു സധൈര്യം കടന്നുചെല്ലുകയും ചോദ്യങ്ങൾ ചോദിയ്ക്കുകയും നിലവിലുള്ള മൂല്യസങ്കല്പങ്ങൾക്കു പുറത്തേക്കു കടക്കുകയും ചെയ്യുമ്പോൾ പുരുഷന്റെ അധീശ ത്വനിലയ്ക്കു ഇളക്കംതട്ടുന്നു. അതോടെ കാലകാലങ്ങളായി പുരുഷൻ അനുഭവിച്ചുകൊണ്ടിരുന്ന അവകാശങ്ങളും അധികാര ങ്ങളും നഷ്ടപ്പെടുമെന്ന് അവൻ ഭയപ്പെടുന്നു.

ആദ്യമൊക്കെ അച്ചാമ്മ സന്മാർഗ്ഗകഥകളാണെഴുതിയിരുന്നത്. അത്തരം കഥകളെഴുതുന്നതിൽ അച്ചനോ പള്ളിക്കമ്മിറ്റി യംഗങ്ങൾക്കോ യാതൊരെതിർപ്പുമില്ലായിരുന്നു. പെണ്ണെഴു തുന്നതിൽ കുഴപ്പമില്ല. എന്നാൽ എഴുത്ത് പൊതുതാല്പ ര്യങ്ങൾക്കനുസൃതമായിരിക്കണം. പൊതുതാല്പര്യങ്ങൾ തീരുമാനി ക്കുന്നതാകട്ടെ ആൺകോയ്മയിലധിഷ്ഠിതമായ സമൂഹവും. അതിരുകൾ ലംഘിക്കാൻ തുനിഞ്ഞവർ കല്ലേറിയപ്പെട്ടു. ചീത്തസ്ത്രീകളായി, 'സ്ത്രീകൾ ഭജനപ്പാട്ടും കുമ്മിയും മൃദുലപ്രേമവുമായി നടന്നപ്പോഴൊന്നും ആരും ഒന്നും പറഞ്ഞില്ല. എന്നാൽ സ്വന്തം ലൈംഗികതപോലും അധീശവർഗ്ഗതാല്പ ര്യത്താൽ നിർണയിക്കപ്പെടുന്നതുകണ്ട് കലാപത്തി നൊരു ങ്ങിയപ്പോൾ സരസ്വതിയമ്മയും രാജലക്ഷ്മിയും മാധവി ക്കുട്ടിയും കല്ലേറേറ്റു പിടഞ്ഞു. എന്തായാലും ആ വഴിതന്നെ യാണ് ഞാനും തേടുന്നത്'[2] എന്ന സാറാജോസഫിന്റെ വാക്കുകളിലുള്ളത് സ്ത്രീയുടെ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന് പരിധിയും പരിമിതിയും നിശ്ചയിച്ചവരോടുള്ള പ്രതിഷേ ധമാണ്.

അച്ചാമ്മയുടെ എഴുത്തിനെച്ചൊല്ലി നടക്കുന്ന കോലാഹലങ്ങ ളൊന്നും അവരെ ബാധിച്ചതേയില്ല. ഭർത്താവും മക്കളും ഒറ്റക്കെട്ടായി വീട്ടിൽനിന്നിറക്കിവിടുമെന്ന് ഭീഷണിപ്പെടുത്തി യപ്പോൾ അച്ചാമ്മ പോലീസിൽ പരാതിപ്പെട്ടു. ഒടുവിൽ കേസു

തീർക്കാൻ അവറാച്ചായന് മാണി സാറിനെക്കൊണ്ട് സ്റ്റേഷന ൽ വിളിപ്പിക്കേണ്ടിവന്നു. 'സ്ലോട്ടറു കഴിഞ്ഞപ്പളാന്നോ വളമിടുന്നത് അവറാച്ചായാ, ഭാര്യ എഴുത്തുകാരിയാകുന്നേനു മുമ്പേ ഇതൊക്കെ ആലോചിക്കണ്ടാരുന്നോ?' എന്ന് മാണി സാറും പറഞ്ഞു. അച്ചാമ്മയ്ക്കാണെങ്കിൽ ചാനൽ ചർച്ചകളും മീറ്റിങ്ങുമൊക്കെയായി തിരക്കോടുതിരക്ക്. ആളാകെ മാറി. അച്ചാമ്മയുടെ മാറ്റം നാട്ടുകാർക്കും വീട്ടുകാർക്കും അവിശ്വസ നീയമായിത്തോന്നി. അവറാച്ചായനാണെങ്കിൽ ആകെ ഒരെത്തും പിടിയും കിട്ടാത്ത അവസ്ഥ. അച്ചാമ്മയുടെ മാറ്റത്തെക്കുറിച്ച് അവറാച്ചായൻ പറയുന്നതു നോക്കു; 'ചുരുണ്ടമുടിയൊക്കെ കറുപ്പടിച്ച് അഴിച്ചിട്ടേക്കുവാ. നൈറ്റീം സാരിയുമൊക്കെ പോയി. ഇപ്പൊ കയ്യില്ലാത്ത കുർത്തായും പാവാടേമാ. മിന്നും താലീമൊക്കെ പൊട്ടിച്ചു. പകരം വെള്ളയ്ക്കാ വലിപ്പത്തിൽ കല്ലുകോർത്ത മാല, കയ്യിലാണേൽ തടിവള, എല്ലാം പോട്ടെ, നെറ്റീൽ ഒറ്റ രൂപാ വലിപ്പത്തിൽ സിന്ദൂരപ്പൊട്ട്. താടീലൊള്ള ആ അരിമ്പാറയില്ലേൽ അച്ചാമ്മെ അവടെ പെറ്റതള്ള തിരിച്ചറികേല, കേട്ടോ.' തിരുവിതാംകൂറിലെ ക്രിസ്ത്യൻസമുദായത്തിൽ സ്ത്രീകളുടെ പരമ്പരാഗത വേഷം ചട്ടയും ഞൊറിഞ്ഞുടുത്ത മുണ്ടുമാണ്. കാതിൽ കുണുക്കിടുന്ന പതിവുമുണ്ട്. കാലക്രമേണ സ്ത്രീകൾ ചട്ടയും മുണ്ടും ഉപേക്ഷിച്ച് സാരി ധരിയ്ക്കാൻ തുടങ്ങി. മേൽക്കാതു തുളച്ചുതൂക്കുന്ന കുണുക്കുകൾ അപ്രത്യക്ഷമായി. ഇന്നും എൺപ തു വയസ്സു കഴിഞ്ഞ സ്ത്രീകളിൽ ചിലരൊക്കെ ചട്ടയും മുണ്ടും ധരിക്കുന്നവരാണ്. ഇന്ന് ക്രൈസ്തവ സമൂഹത്തിലെ പെൺകുട്ടികൾ മോഡേൺ വേഷങ്ങൾ അണിയുന്നവരാണ്. എങ്കിലും ഏതു സമുദായത്തിൽപ്പെട്ടവരായാലും സാരി ധരിയ് ക്കുന്ന സ്ത്രീകൾ മോഡേൺ വേഷങ്ങൾ ധരിയ്ക്കുന്നവരേക്കാൾ കൂടുതൽ ബഹുമാനിതരാകുന്നു എന്നതാണ് യാഥാർത്ഥ്യം. അഞ്ചരമീറ്റർ നീളമുള്ള സാരി സ്ത്രീയുടെ ചലനസ്വാത ന്ത്യത്തെ പരിമിതപ്പെടുത്തുകയും ഉടലളവുകളും ഉടലഴകും എടുത്തു കാണിക്കുകയും ചെയ്യുന്നു. പരമ്പരാഗതരീതിയിലുള്ള വസ്ത്രധാരണം സാംസ്കാരികത്തനിമയുടെ അടയാളമായി നിരീക്ഷിക്കപ്പെടുന്നു.

എല്ലാ മതങ്ങളും വിശ്വാസികളുടെ വസ്ത്രധാരണത്തിലും മറ്റും ചില കടുംപിടുത്തങ്ങൾ പിന്തുടർന്നു പോരുന്നു. ഈ കടുംപിടുത്തങ്ങളധികവും സ്ത്രീകളുടെ വസ്ത്രധാരണവുമായി ബന്ധപ്പെട്ടാണെന്നു കാണാം. എല്ലാ മതവിഭാഗങ്ങളിലും പുരുഷന്റെ വസ്ത്രധാരണരീതി കാലോചിതമായി പരിഷ്ക്ക രിയ്ക്കപ്പെട്ടു. എന്നാൽ സ്ത്രീകളുടെ വേഷ വിധാന ത്തിലുണ്ടാകുന്ന മാറ്റങ്ങളോട് സഹിഷ്ണുതാ മനോഭാവ മല്ല സമൂഹം പുലർത്തിപ്പോരുന്നത്. സ്ത്രീയുടെ വസ്ത്ര ധാരണത്തിൽപോലും നിയന്ത്രണമേർപ്പെടുത്തുന്ന സാമൂ ഹ്യവ്യ വസ്ഥയോടുള്ള പ്രതിഷേധമാണ് അച്ചാമ്മയിൽ കാണുന്നത്. വിദ്യാഭ്യാസവും വായനയുമൊക്കെ സ്ത്രീയുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ നോക്കുക. വായന അച്ചാമ്മയുടെ മുന്നിൽ തുറന്നിട്ടത് പുതിയൊരു ലോകമാണ്. 'മോളി ക്കുട്ടിയേം ജോളിക്കുട്ടിയേം കെട്ടിയിട്ടാ അച്ചാമ്മ വളർത്തിയത്. മോളിക്കുട്ടി ആരാണ്ടു ചെറുക്കൻമാരോടു വർത്താനം പറഞ്ഞെന്നു കേട്ട ദിവസം വിറകുകൊള്ളികൊണ്ടു പുറമടിച്ചു പൊളിച്ചവളാ, അച്ചാമ്മ.' സദാചാരസംരക്ഷണം സ്ത്രീയുടെ കടമയും ഉത്തര വാദിത്തവുമായിക്കണ്ടിരുന്ന അച്ചാമ്മയ്ക്കുണ്ടായ മാറ്റ ത്തിനു മുമ്പിൽ എല്ലാവരും പകച്ചു നില്ക്കുകയാണ്.

അച്ചാമ്മയുടെ എഴുത്ത് കുടുംബത്തിലെ സാമ്പത്തിക സുസ്ഥിരതയെ എങ്ങനെ ബാധിക്കുന്നുവെന്നു നോക്കാം. വീട്ടുകാര്യങ്ങളൊക്കെ നോക്കി ഭർത്താവിനെയും മക്കളെയും ശുശ്രൂഷിച്ച് കഴിഞ്ഞിരുന്ന 'ഉത്തമകുടുംബിനി'യായിരുന്നു അച്ചാമ്മ. ഞായറാഴ്ചതോറും മുടങ്ങാതെ പള്ളിയിൽ പോയി കുർബ്ബാന കൂടിയിരുന്ന, കുമ്പസാരം മുടക്കാത്ത, അവറാച്ചായ നും പിള്ളാർക്കും പിള്ളാരുടെ പിള്ളാർക്കുംവേണ്ടി ജീവിച്ച സാധാരണ വീട്ടമ്മ. സഭയും സമൂഹവും പഠിപ്പിച്ച ഉത്തമസ്ത്രീ സങ്കല്പത്തിന് ഉദാത്ത മാതൃക. 'കദ'യെഴുത്തും മീറ്റിങ്ങും ചാറ്റിങ്ങുമൊക്കെയായി അച്ചാമ്മയ്ക്കു തിരക്കായ തോടെ അകം പണിക്കും പുറംപണിക്കും ജോലിക്കാരെ ആശ്രയിക്കേണ്ടിവന്നു. വീടിനകത്തും പുറത്തുമായി ശമ്പള മില്ലാതെ അച്ചാമ്മ ചെയ്തുകൊണ്ടിരുന്ന ജോലികളാണ് അവരുടെ പണിമുടക്കത്തിലൂടെ ഇല്ലാതെയാകുന്നത്. സ്ത്രീ യുടെ ശരീരം, അധ്വാനം, സേവനം എന്നിവയൊക്കെ കുടുംബത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി വിനി യോഗിക്കണമെന്നതാണല്ലോ അംലംഘ്യവും അലിഖിത വുമായ നിയമം. അച്ചാമ്മ സ്വന്തം നിലയുറപ്പിച്ചതോടെ കുടുംബത്തിന കത്ത് ആകെയൊരു താളപ്പിഴയും സമാധാനക്കേടും.

പള്ളിക്കമ്മിറ്റി കൂടുമ്പോൾ 'സുരതം' എന്ന വാക്കിന്റെ അർത്ഥമറിയാത്ത ചാക്കോച്ചൻ മുതലാളി അച്ചാമ്മയുടെ സുരതസങ്കീർത്തങ്ങൾ മറിച്ചു നോക്കിയതും അതിന ുശേഷം അനുഭവിക്കുന്ന എരിപൊരിസഞ്ചാരവും കഥയുടെ മറ്റൊരു രസച്ചരടാണ്. 'ചില പുസ്തകങ്ങൾ വായിച്ചാൽപ്പിന്നെ പുരുഷൻമാർക്കെങ്ങനെ നിഷ്കളങ്കമായി പുഞ്ചിരിക്കുവാൻ സാധിക്കും?' അച്ചാമ്മയുടെ പുസ്തകത്തെ വിമർശിക്കുന്നവരെ രണ്ടു വിഭാഗത്തിൽ പെടുത്താം. ഒരു കൂട്ടർ എന്തിനെയും കണ്ണടച്ചെതിർക്കുന്നവരാണ്. പാരമ്പര്യമായി പിന്തുടർന്നു പോരുന്നതൊന്നും അണുവിട വ്യത്യാസമില്ലാതെ തുടര ണമെന്നു പിടിവാശിയുള്ളവർ. അജ്ഞതയാണവരെ നയിക്കു ന്നത്. അവർ മാറ്റങ്ങൾക്കു പുറംതിരിഞ്ഞു നില്ക്കുന്നവരാണ്. ചാക്കോച്ചനെപ്പോലെയുള്ളവർ ഉൾപ്പെടുന്ന രണ്ടാമത്തെ വിഭാഗം. അയാൾ അച്ചാമ്മയുടെ പുസ്തകം വായിച്ചു നോക്കുന്നു. നഷ്ടബോധം അനുഭവപ്പെടുന്നു. കുറേ പണമുണ്ടാക്കി. മക്കളെയൊക്കെ നല്ലനിലയിലാക്കി. 'പക്ഷേ, ഈ പ്പറഞ്ഞ നഗ്നതയാകട്ടെ മൂർച്ഛയാകട്ടെ നമ്മളിതൊന്നും അറിഞ്ഞിട്ടില്ല. മേരിക്കുട്ടീം അറിഞ്ഞുകാണുകേല.' മേരിക്കുട്ടിയെ കണ്ടപ്പോൾ മനഃപ്രയാസവും തോന്നി. സുരതസങ്കീർത്തനങ്ങൾ വായിച്ച തിന്റെ ആലസ്യത്തിൽ രണ്ടെണ്ണം അടിച്ചിട്ടു കിടന്നുറങ്ങിയ ചാക്കോച്ചൻ രാവിലെ ഉണർന്നപ്പോൾ കണ്ടത് മുടി കറുപ്പിച്ച് പാവാടയും കൈയില്ലാത്ത കുർത്തയുമിട്ട് വായനയിൽ മുഴുകി യിരിക്കുന്ന മേരിക്കുട്ടിയെയാണ്. 'വാസ്തവത്തിൽ എന്നാന്നേ സമ്പവിച്ചത്?' ചാക്കോച്ചന് ഒന്നും മനസ്സിലായില്ല. അച്ചാമ്മയുടെ പുസ്തകം ചാക്കോച്ചനെയും മേരിക്കുട്ടിയെയും സ്വാധീനി ച്ചുവെന്നു സാരം.

**ഉപസംഹാരം**

നർമത്തിൽ ചാലിച്ച് വളരെ ഗൗരവമുള്ള പ്രശ്നങ്ങളാണ് മീര അവതരിപ്പിച്ചത്. സദാചാരസംഹിതകളിലും പാതിവ്രത്യ സങ്കല്പങ്ങളിലും കുരുക്കിയിട്ട് സ്ത്രീയുടെ വളർച്ച തടയുന്ന സാമൂഹ്യവ്യവസ്ഥിതിയ്ക്കെതിരെ ശക്തമായ പരിഹാസ മുതിർക്കുന്നു. അഭ്യസ്തവിദ്യരായ സ്ത്രീകൾപോലും ലൈംഗികതയെക്കുറിച്ചു സംസാരിക്കാൻ മടിക്കുന്നു. രതിമൂർച്ച

എന്താണെന്നറിയാത്ത സ്ത്രീകൾ പോലുമുണ്ട് എന്നാണ് പല സർവേഫലങ്ങളും സൂചിപ്പിക്കുന്നത്. ഈ യാഥാർത്ഥ്യങ്ങളുമായി ചേർത്തുവെച്ചാണ് അച്ചാമ്മയുടെ രതിമൂർച്ഛയെക്കുറിച്ചുള്ള പരാമർശം വായിക്കേണ്ടത്. സ്ത്രീലൈംഗികതയെക്കുറിച്ചു സംസാരിച്ചുതുടങ്ങുകയും സ്വന്തം ശരീരത്തിനുമേൽ സ്വയം നിർണയാവകാശം നേടുകയും ചെയ്യുമ്പോൾ പുരുഷനിലതന്നെ അപകടത്തിലാകുമെന്ന ഭയമാണ് 'അച്ചാമ്മ'മാർ ഉണ്ടാകുന്നതിനെ എതിർക്കാനുള്ള കാരണം. എന്തു വസ്ത്രം ധരിയ്ക്കണമെന്നും എന്തെഴുതണമെന്നും എന്തിനെക്കുറിച്ചെഴുതണമെന്നും സ്വന്തം ലൈംഗികത എങ്ങനെയായിരിക്കണമെന്നും പുരുഷനെപ്പോലെ സ്ത്രീയും തീരുമാനിക്കുന്ന വ്യവസ്ഥിതിയാണ് അഭികാമ്യമായിട്ടുള്ളത്.

**കുറിപ്പുകൾ**

1. ലളിതാംബിക അന്തർജ്ജനം (2019), ആത്മകഥയ്ക്ക് ഒരാമുഖം, കോട്ടയം, ഡി.സി. ബുക്സ്, പു.100.
2. സാറാ ജോസഫ്, ഉദ്ധരണം: സി.എസ്. ചന്ദ്രിക,(2017) കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ, കോട്ടയം, ഡി.സി. ബുക്സ്, പു. 261.

**ആധാരഗ്രന്ഥങ്ങൾ**


1. മീര. കെ. ആർ,(2017); പെൺപഞ്ചതന്ത്രം മറ്റു കഥകളും, കോട്ടയം: ഡി.സി.ബുക്സ്.
2. ലളിതാംബിക അന്തർജ്ജനം (2019).ആത്മകഥയ്ക്ക് ഒരാമുഖം,കോട്ടയം; ഡി.സി. ബുക്സ്.
3. ചന്ദ്രികസി.എസ്.(2017),കേരള സ്ത്രീ ചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ, കോട്ടയം: ഡി.സി.ബുക്സ്.